18569
29/12/15

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - **ആലപ്പുഴ ജില്ല** - പാമ്പ് കടിയേറ്റ് മരണപ്പെട്ട അമ്പലപ്പുഴ, കരുമാടി, വൃന്ദാവനം വീട്ടിൽ അമരീഷ് മനോജിൻറെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്

സ.ഉ.(കയ്യെഴുത്ത്) നം: 689/15/റവ. തിരുവനന്തപുരം, തീയതി, 23/12/2015

---

**ഉത്തരവ്**

പാമ്പ് കടിയേറ്റ് അമൃതാ ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരണപ്പെട്ട ആലപ്പുഴ ജില്ല അമ്പലപ്പുഴ, കരുമാടി, വൃന്ദാവനം വീട്ടിൽ മനോജിൻറെ മകൻ 9-ാം ക്ലാസ് വിദ്യാർത്ഥിയായ അമരീഷ് മനോജിൻറെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2,00,000/ **രൂപ (രണ്ട് ലക്ഷം രൂപ മാത്രം)** ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായി വരുന്ന 2,00,000/ **രൂപ (രണ്ട് ലക്ഷം രൂപ മാത്രം)** 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും **ആലപ്പുഴ ജില്ലാ കളക്ടർക്ക്** അനുവദിക്കുന്ന മുറയ്ക്ക് ഒരാഴ്ചയ്ക്കുള്ളിൽ വിതരണം ചെയ്ത് വിവരം എത്രയും വേഗം സർക്കാരിനെ അറിയിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ഡോ. വിശ്വാസ് മേത്ത**
**പ്രിൻസിപ്പൽ സെക്രട്ടറി**

**ജില്ലാ കളക്ടർ, ആലപ്പുഴ.**
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. ക്ക്
ധനകാര്യ (ഫണ്ട്സ്)വകുപ്പ്/റവന്യൂ (ഡി.ആർ.എഫ്-ബി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
പകർപ്പ്: പൊതുഭരണ (എസ്.സി) വകുപ്പ്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**